**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5617** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രവൃത്തികളിൽ കാലാനുസൃതമായ കൂട്ടി ചേർക്കലുകൾ വേണമെന്ന കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളുടെ ആവശ്യാർത്ഥം എസ്.എൽ.ഇ.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പുനഃപരിശോധിച്ച് കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജില്ലയുടെ സുസ്ഥിര വികസനത്തിന് ആവശ്യമായ പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ 12.02.2019ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിരുന്നു. കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധി കളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ വകുപ്പുകൾ/ഏജൻസികൾ/ പൊതുജനങ്ങൾ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിയ്ക്കുകയും പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പ യോഗങ്ങളിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും മറ്റും പരിഗണിച്ച് വിവിധ മേഖലകളിൽ നൂതന പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് 6500 കോടി രൂപയുടെ Shelf of Projects ആയിട്ടാണ് പദ്ധതികൾ തയ്യാറാക്കിയത്. മേൽ പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്യുകയും അപ്രകാരം 11.11.2021 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന തല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പുതിയ പദ്ധതി നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സർക്കാർ പരിശോധിക്കുകയും, 2022-23 ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ രൂപരേഖ പുതുക്കി തയ്യാറാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ 14.45 കോടി രൂപയുടെ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പുനഃപരിശോധിച്ച് കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജില്ലയുടെ സുസ്ഥിര വികസനത്തിന് ആവശ്യമായ പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ 12.02.2019ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിരുന്നു. കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധി കളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ വകുപ്പുകൾ/ഏജൻസികൾ/ പൊതുജനങ്ങൾ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിയ്ക്കുകയും പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പ് യോഗങ്ങളിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും മറ്റും പരിഗണിച്ച് വിവിധ മേഖലകളിൽ നൂതന പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് 6500 കോടി രൂപയുടെ Shelf of Projects ആയിട്ടാണ് പദ്ധതികൾ തയ്യാറാക്കിയത്. മേൽ പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്യുകയും അപ്രകാരം 11.11.2021 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന തല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പുതിയ പദ്ധതി നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, 2022-23 ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ രൂപരേഖ പുതുക്കി തയ്യാറാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ 14.45 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ആയതു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പുനഃപരിശോധിച്ച് കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജില്ലയുടെ സുസ്ഥിര വികസനത്തിന് ആവശ്യമായ പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ 12.02.2019ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിരുന്നു. കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധി കളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ വകുപ്പുകൾ/ഏജൻസികൾ/ പൊതുജനങ്ങൾ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിയ്ക്കുകയും പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പ് യോഗങ്ങളിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും മറ്റും പരിഗണിച്ച് വിവിധ മേഖലകളിൽ നൂതന പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് 6500 കോടി രൂപയുടെ Shelf of Projects ആയിട്ടാണ് പദ്ധതികൾ തയ്യാറാക്കിയത്. മേൽ പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്യുകയും അപ്രകാരം 11.11.2021 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന തല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പുതിയ പദ്ധതി നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, 2022-23 ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ രൂപരേഖ പുതുക്കി തയ്യാറാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ 14.45 കോടി രൂപയുടെ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ